പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2223

08.03.2017 - ൽ മറുപടിക്ക്

## ത്രിവേണി സ്റ്റോറുകൾവഴി അരി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുന്നതിന് പദ്ധതി

| ചോദ്യം<br><br>ശ്രീമതി.പി.അയിഷാപോറ്റി | | മറുപടി<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴി അരി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (എ) | കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി അരി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുന്നതിനായി കൺസോർഷ്യത്തിന് രൂപം നൽകിയിട്ടുണ്ട്. കൺസോർഷ്യത്തിലൂടെ വാങ്ങുന്ന അരി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെയും ത്രിവേണി യൂണിറ്റുകളിലൂടെയും വിൽപ്പന നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വിപണി ഇടപെടലുകൾക്കായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ബി) | വിപണി ഇടപെടലുകൾക്കായി സഹകരണ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യത്തിന് രൂപം നൽകി.<br>2) കൺസോർഷ്യത്തിന് കൺസോർഷ്യം നിധി എന്ന നിലയിൽ 100 കോടി രൂപ ശേഖരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>3) കൺസോർഷ്യം രൂപീകരിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം നിധി ഉടൻ രൂപീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4) കൺസോർഷ്യം പ്രതിനിധികൾ ആന്ധ്രയിൽ നേരിട്ട് പോയി മില്ലുടമകൾ , ഹോൾസെയിൽ ഡീലർ, എഫ്.സി.ഐ ജനറൽ മാനേജർ എന്നിവരുമായി സംസാരിച്ച് സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ട്.<br>5) കൺസോർഷ്യം പ്രതിനിധികൾ പശ്ചിമ ബംഗാളിൽ പ്രധാന മില്ലുടമകളുമായും, ഹോൾസെയിലർമാരുമായി ആശയ വിനിമയം നടത്തി, മില്ലുടമകളുടെ സഹായത്തോട് കൂടി മാർച്ച് ആദ്യ ആഴ്ച കേരളത്തിൽ അരി എത്തിയ്ക്കും.<br>6) 500 ഔട്ട്ലെറ്റുകളിലൂടെ 06.03.2017 മുതൽ അരി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Renji

സെക്ഷൻ ഓഫീസർ